പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3887 — 15.12.2014-ൽ മറുപടിക്ക്.

## അങ്കമാലി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിലെ ക്രാഷ് ടെൻഡർ യൂണിറ്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) അങ്കമാലി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിലെ ക്രാഷ് ടെൻഡർ യൂണിറ്റ് വാഹനവും ആംബുലൻസും ഉൾപ്പെടെ, വാഹനങ്ങളും ഉപകരണങ്ങളും ഉപയോഗയോഗ്യമാക്കുന്നതിനും ജീവനക്കാരെ നിയമിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതിന് കാരണം വിശദമാക്കാമോ; ഇത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (എ) അങ്കമാലി അഗ്നിരക്ഷാ നിലയത്തിലെ ക്രാഷ് ടെണ്ടർ അറ്റകുറ്റപ്പണി ചെയ്ത് പ്രവർത്തനയോഗ്യമാക്കിയിട്ടുണ്ട്. ആംബുലൻസ് അറ്റകുറ്റപ്പണി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ആധുനിക വാഹനങ്ങളും ഉപകരണങ്ങളും ഈ സാമ്പത്തിക വർഷം വാങ്ങുന്നതിനായുള്ള ടെണ്ടർ നടപടി ക്രമങ്ങൾ പുരോഗമിച്ചു വരുകയാണ്. ടെണ്ടർ നടപടി ക്രമങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞാൽ ആവശ്യത്തിന് വാഹനങ്ങളും ഉപകരണങ്ങളും അനുവദിയ്ക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. അങ്കമാലി അഗ്നിരക്ഷാ നിലയത്തിൽ ഫയർമാൻ തസ്തികയിൽ 13 ജീവനക്കാരുടെ ഒഴിവുകളാണ് നിലവിൽ ഉള്ളത്. ഫയർമാൻ തസ്തികയിലുള്ള ജീവനക്കാരുടെ ഒഴിവ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. അഡ്വൈസ് ചെയ്ത് പരിശീലനത്തിന് ശേഷം ജീവനക്കാരുടെ കുറവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

Hema.V

സെക്ഷൻ ഓഫീസർ